ഉൾപ്പെടെയുള്ളവർക്ക് ബോധവൽക്കരണ ക്ലാസ്സുകൾ നടത്തിവരുന്നു. കൂടാതെ മറ്റ് ആരോഗ്യ പ്രവർത്തന ക്ലാസ്സുകളിലും മേൽ വിഷയത്തിൽ ഊന്നൽ നൽകുന്നുണ്ട്. സർക്കാർ സംവിധാനത്തിലുള്ളതും സ്വകാര്യ മേഖലയിലുള്ളതുമായ പുനരധിവാസ കേന്ദ്രങ്ങളിലേയ്ക്ക് രോഗം ഭേദമായ അന്തേവാസികളെ മാറ്റി പാർപ്പിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഭൗതിക സാഹചര്യങ്ങളുടെ പരിമിതികൾ പരിഹരിക്കുന്നതിനായി താഴെ കൊടുത്തിട്ടുള്ള സ്ഥാപനങ്ങളിൽ വിവിധ നിർമ്മാണ പ്രവൃത്തികൾ നടന്നുവരുന്നു.

മാനസികാരോഗ്യ കേന്ദ്രം, തിരുവനന്തപുരം- ഡി-അഡിക്ഷൻ സെന്ററിന്റെ നിർമ്മാണം. പുരുഷന്മാർക്കുവേണ്ടി 20 സിങ്കിൾ റൂമിന്റെ നിർമ്മാണം.

മാനസികാരോഗ്യ കേന്ദ്രം, തൃശ്ശൂർ- മോഡേൺ സൈക്യാട്രിക് വാർഡ് കെട്ടിടം, ഡയറ്ററി യൂണിറ്റ് കെട്ടിടം, ഫീമെയിൽ ഫോറൻസിക് വാർഡ് സീവേജ് സിസ്റ്റം പുതുക്കി പണി നടക്കുന്നു.

കൂടാതെ മോഡേൺ സൈക്യാട്രിക് വാർഡ് പണിയുന്നതിനുവേണ്ടി 4 കോടി, ഡയറ്ററി യൂണിറ്റ് പണിയുന്നതിനുവേണ്ടി 90 ലക്ഷം സീവേജ് സിസ്റ്റത്തിനുവേണ്ടി 45 ലക്ഷം രൂപ പി.ഡബ്ല്യു.ഡി.-ക്ക് കൈമാറിയിട്ടുണ്ട്.

(സി) മാനസികാരോഗ്യ കേന്ദ്രങ്ങളിലെ അപര്യാപ്തതകൾ പരിഹരിക്കുന്നതിനും വികസന പ്രവർത്തനങ്ങൾക്കുംവേണ്ടിയുള്ള വിശദമായ മാസ്റ്റർപ്ലാൻ തയ്യാറാക്കിവരുന്നു.

സാമൂഹ്യാരോഗ്യകേന്ദ്രങ്ങളിൽ ഡോക്ടർമാരെ നിയമിക്കുന്നതിന് നടപടി

61 (4864) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ പകർച്ചപ്പനി കണക്കിലെടുത്ത് ഡോക്ടർമാരില്ലാത്ത സാമൂഹ്യാരോഗ്യ കേന്ദ്രങ്ങളിൽ ഒരു ഡോക്ടറെ എങ്കിലും നിയമിക്കുന്നതിന് നടപടി സ്വീകരിക്കുമോ ;

(ബി) സാമൂഹ്യാരോഗ്യകേന്ദ്രങ്ങളിൽ ഡോക്ടർമാരെ നിയമിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ; ഒഴിവുള്ള സാമൂഹ്യാരോഗ്യകേന്ദ്രങ്ങൾ രേഖാമൂലം എഴുതി നൽകിയാൽ ഡോക്ടർമാരെ നിയമിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ&ബി) സംസ്ഥാനത്ത് പകർച്ചവ്യാധി പ്രതിരോധ നിയന്ത്രണ പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തുന്നതിന്റെ ഭാഗമായി വിവിധ വകുപ്പുകൾ നടത്തിവരുന്ന പ്രവർത്തനങ്ങൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 1-7-2015-ന് കൂടിയ യോഗം വിലയിരുത്തുകയും ആരോഗ്യ വകുപ്പിൽ 14 ജില്ലകളിലായി 203 ഡോക്ടർമാർ, 88 സ്റ്റാഫ് നഴ്സുമാർ, 86 ഫാർമസിസ്റ്റുകൾ എന്നീ വിഭാഗങ്ങളിലായി 377 പേരെ മൂന്നുമാസത്തേയ്ക്ക് കരാർ അടിസ്ഥാനത്തിൽ നിയമിക്കുന്നതിന് അനുമതി നൽകി, 14-7-2015-ൽ സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ ഡോക്ടർമാരുടെ ഒഴിവുകൾ നികത്തുന്നതിന് പി.ജി. പഠനം പൂർത്തിയാക്കി സർവ്വീസിലേയ്ക്ക് തിരികെവരുന്ന മെഡിക്കൽ ഓഫീസർമാർക്ക് നിയമനം നൽകി വരുന്നുമുണ്ട്.

പച്ചക്കറികളിലെ കീടനാശിനി പ്രയോഗം

62 (T4865) ശ്രീ. കെ. അജിത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അന്യസംസ്ഥാനങ്ങളിൽനിന്ന് കേരളത്തിൽ എത്തുന്ന ഏതൊക്കെ പച്ചക്കറികളിലാണ് അമിതമായി കീടനാശിനി പ്രയോഗിക്കപ്പെടുന്നതായി കണ്ടെത്തിയിട്ടുള്ളത് ;

(ബി) കീടനാശിനി പ്രയോഗം കണ്ടെത്തുന്നതുമായി ബന്ധപ്പെട്ട് ഏതെല്ലാം വകുപ്പുകളാണ് നടപടി സ്വീകരിക്കുന്നതെന്നും അമിത വിഷപ്രയോഗം നടത്തിയ പച്ചക്കറികൾ വില്പന നടത്തുന്നവർക്കെതിരെ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നതെന്നും വ്യക്തമാക്കാമോ ;

(സി) അമിത കീടനാശിനിയോ വിഷലിപ്ത പദാർത്ഥങ്ങളോ പഴങ്ങളിൽ പ്രയോഗിക്കുന്നതുമായി ബന്ധപ്പെട്ട് എത്ര കേസ്സുകൾ കഴിഞ്ഞ ഒരു വർഷത്തിനിടയിൽ സംസ്ഥാനത്ത് രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നും ഇതിന്റെ തുടർനടപടികൾ എന്തെന്നും വെളിപ്പെടുത്താമോ ;

(ഡി) ഇത്തരം പച്ചക്കറികൾ കടകളിലൂടെ വിതരണം ചെയ്യാതിരിക്കുവാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുവാൻ കഴിയുമെന്ന് പരിശോധിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കുമോ ;

'T' മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു